**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2029** **21-06-2024-ൽ മറുപടിയ്ക്ക്**

**എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സിനു പി.എസ്. സി. അംഗീകാരം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് നടത്തിവരുന്ന മൂന്ന് വർഷത്തെ എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരെ ഹൈക്കോടതി ഉത്തരവ് ഉണ്ടായിരുന്നിട്ടും ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ബന്ധപ്പെട്ട അദ്ധ്യാപക തസ്തികകളിലോ ഗവേഷണ തസ്തികകളിലോ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി മുഖേന നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** എം.എസ്.സി മെഡിക്കൽ ഫിസിയോളജി കോഴ്സ് പാസ്സായവരെ സർക്കാർ വകുപ്പുകളിലെ തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് 05.08.2023-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. അത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ഇതര സംസ്ഥാനങ്ങളിലെ പി.എസ്.സി. കൾ പ്രസ്തുത കോഴ്സ് അംഗീകരിച്ചിട്ടും കേരളത്തിൽ ഇതേ യോഗ്യത ഉള്ളവർക്ക് 2023-ലെ പി.എസ്.സി. നോട്ടിഫിക്കേഷൻ നമ്പർ 409/2023 പ്രകാരം സീനിയർ സയന്റിഫിക്ക് അസിസ്റ്റന്റ് തസ്തികകളിൽ അപേക്ഷിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള തസ്തികളിൽ എം.എസ്.സി. മെഡിക്കൽ ഫിസിയോളജി കോഴ്സ് പാസായവരെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**മറുപടി:** എം.എസ്.സി മെഡിക്കൽ ഫിസിയോളജി കോഴ്സ് സീനിയർ സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോളജി) തസ്തികയ്ക്ക് അനുയോജ്യമാണെന്ന പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**